(എ) സംസ്ഥാനത്ത് ക്രീമിലെയർ ഉണ്ടോ എന്ന് പരിശോധിക്കാൻ നിയോഗിച്ചിരുന്ന കമ്മിഷന്റെ റിപ്പോർട്ടിന്റെ കോപ്പി സർക്കാരിന് എന്നാണ് ലഭിച്ചതെന്ന് അറിയിക്കുമോ;

(ബി) ഈ റിപ്പോർട്ടിൽ ക്രീമിലെയർ സംബന്ധിച്ച് കമ്മിഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) റിപ്പോർട്ടിൽ എന്തെങ്കിലും പാകപ്പിഴകൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവയെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉന്നതാധികാര സമിതി സുപ്രീം കോടിതി മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് 18.6.97-ൽ സുപ്രീംകോടതി സ്റ്റാൻഡിംഗ് കൗൺസിൽ മുഖേന സർക്കാരിന് ലഭിച്ചു.

(ബി) ഉന്നതാധികാര സമിതി സമർപ്പിച്ച റിപ്പോർട്ട് ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ആയതിനാൽ സമിതി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഇപ്പോൾ വെളിപ്പെടുത്താൻ നിവൃത്തിയില്ല.

(സി)&(ഡി) തെറ്റായി പേര് നൽകിയിട്ടുള്ള വിഭാഗങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ലിസ്റ്റിൽ കടന്നുകൂടിയിട്ടുള്ള ഒഴിവാക്കലും തെറ്റും പരിഹരിക്കാൻ സുപ്രീംകോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. ഇത് സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ ഇപ്പോൾ വ്യക്തമാക്കാൻ നിവൃത്തിയില്ല.

(ഇ) റിപ്പോർട്ടിൽ വന്നിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്.

*** 6 (629) അന്വേഷണ കമ്മിഷനുകൾ**

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. ജോസ് ബേബി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര അന്വേഷണ കമ്മിഷനുകളെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതൊക്കെ കമ്മിഷനുകളുടെ റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചു; അതിൻമേൽ സർക്കാർ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിച്ച അന്വേഷണ കമ്മിഷനുകളുടെ റിപ്പോർട്ടുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഭി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാ ണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആറ് അന്വേഷണ കമ്മിഷനുകൾ.

(ബി) 1995 മേയ്, ജൂലായ് മാസങ്ങളിൽ വിഴിഞ്ഞത്തുണ്ടായ കലാപ ങ്ങളെക്കുറിച്ച് അന്വേഷിച്ച ശ്രീ. ആർ. ഗോപാലകൃഷ്ണപിള്ള കമ്മിഷൻ കൊച്ചിയിലെ വനിതാ പോലീസ് സ്റ്റേഷനിൽവച്ച് അഡ്വ: ശ്രീ. വി.വി. സ്നേഹ ദേവനെതിരെ നടന്നതായി ആരോപിക്കപ്പെട്ട പോലീസ് ബലപ്രയോഗത്തെക്കു റിച്ച് അന്വേഷിച്ച ശ്രീ. കെ. സുധാകരൻ കമ്മിഷൻ, എം.എൽ.എ.മാരായ സർവ്വശ്രീ അടൂർ പ്രകാശ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവർക്കെതിരെ നടന്നതായി ആരോപിക്കപ്പെട്ട പോലീസ് ബലപ്രയോഗത്തെയും കോട്ടയം, തിരുവനന്തപുരം ഡി.സി.സി. ആഫീസുകളിൽ നടന്നതായി ആരോപിക്കപ്പെട്ട പോലീസ് അതിക്രമത്തേയും കുറിച്ച് അന്വേഷിച്ച ശ്രീ. കെ.പി. നാരായണൻ നായർ കമ്മിഷൻ, ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയത്തിന്റെ നിർമ്മാണ വുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെട്ട അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷിച്ച ജസ്റ്റീസ് വി. ഭാസ്ക്കരൻ നമ്പ്യാർ കമ്മിഷൻ എന്നിവരുടെ റിപ്പോർട്ടുകൾ സർക്കാരിന് ലഭിക്കുകയുണ്ടായി. ഇവയിൽ ശ്രീ. നാരാണൻ കമ്മീഷൻ, ശ്രീ. സുധാകരൻ കമ്മീഷൻ എന്നിവരുടെ റിപ്പോർട്ടുകൾ സർക്കാ രിന് ലഭിക്കുകയുണ്ടായി. ഇവയിൽ ശ്രീ. കെ.പി. നാരായണൻ നായർ കമ്മിഷൻ, ശ്രീ. കെ. സുധാകരൻ കമ്മിഷൻ എന്നിവരുടെ റിപ്പോർട്ടുകളിൽ ഏതെങ്കിലും ഉദ്യോഗസ്ഥനേയോ മറ്റാരെയെങ്കിലുമോ കുറ്റക്കാരായി കണ്ടെ ത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത റിപ്പോർട്ടുകളിൻമേൽ മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല. റിപ്പോർട്ടുകൾ നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ളതാണ്. ജസ്റ്റീസ് വി. ഭാസ്ക്കരൻ നമ്പ്യാർ കമ്മിഷൻ റിപ്പോർട്ട് പരിഗണിച്ച സർക്കാർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 75 കോടി രൂപ നഷ്ടമുണ്ടാകുന്ന തിന് കാരണക്കാരായി കമ്മിഷൻ അതിന്റെ റിപ്പോർട്ടിൽ പേരെടുത്തു പറഞ്ഞ പൊതുജനസേവകർക്കെതിരെ വിജിലന്റ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ക്കൊണ്ടുള്ള അന്വേഷണത്തിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ആവ ശ്യമായ നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചു കഴിഞ്ഞു. റിപ്പോർട്ട് നിയമ സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. ശ്രീ. ആർ. ഗോപാലപിള്ള കമ്മിഷൻ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഉണ്ട്. പൂന്തുറ കലാപങ്ങളെക്കുറിച്ച് അന്വേഷിച്ച ശ്രീ. അരവി ന്ദാക്ഷ മേനോൻ കമ്മിഷൻ തിരുവനന്തപുരത്തെ ഫോറൻസിക് സയൻസ് ലാബിലുണ്ടായ സ്ഫോടനത്തേയും തീപിടുത്തത്തേയും കുറിച്ച് അന്വേഷിച്ച ശ്രീ. ആർ. രാജേന്ദ്രബാബു കമ്മിഷൻ, കൂത്തുപറമ്പിലുണ്ടായ പോലീസ് വെടിവെയ്പിനെക്കുറിച്ച് അന്വേഷിച്ച ശ്രീ. കെ. പത്മനാഭൻ നായർ കമ്മിഷൻ, ആലപ്പുഴയിൽ എരമല്ലൂരിലുണ്ടായ ബസ്സപകടത്തെക്കുറിച്ച് അന്വേഷിച്ച ശ്രീ. എൻ. ഹരിദാസ് കമ്മിഷൻ എന്നിവരുടെ റിപ്പോർട്ടുകളാണ് ഇപ്രകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ ശ്രീ. അരവിന്ദാക്ഷമേനോൻ കമ്മിഷൻ റിപ്പോർട്ട്, ശ്രീ. കെ. പത്മനാഭൻ നായർ കമ്മിഷൻ റിപ്പോർട്ട്, ശ്രീ. എൻ. ഹരിദാസ് കമ്മിഷൻ റിപ്പോർട്ട് എന്നിവ പരിഗണിച്ച സർക്കാർ പ്രസ്തുത റിപ്പോർട്ടുകളിലെ നിഗമ നങ്ങളുടേയും ശുപാർശകളുടേയും അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശ്രീ. രാജേന്ദ്രബാബു കമ്മിഷൻ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly